<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2442</u> <u>07-07-2022 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.എഫ്.ഇ.യുടെ വിപുലീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഒരു വർഷക്കാലമായി കെ.എസ്.എഫ്.ഇ. യിൽ പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പി.എസ്.സി വഴി കെ.എസ്.എഫ്.ഇ. യിലെ വിവിധ തസ്തികകളിലേക്ക് 999 ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. അതിൽ 709 പേർ നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.എഫ്.ഇ.യുടെ വിപുലീകരണത്തിനായി പുതിയ ബ്രാഞ്ചുകളും റൂറൽ മേഖല ഓഫീസുകളും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | കെ.എസ്.എഫ്.ഇ. യുടെ വിപുലീകരണ- ത്തിനായി പുതിയ ബ്രാഞ്ചുകളും റൂറൽ മേഖല ഓഫീസുകളും ആരംഭിച്ചിട്ടുണ്ട്. ആയത് താഴെ കൊടുക്കുന്നു.<br><br><u>പുതുതായി ആരംഭിച്ച റൂറൽ മേഖല ഓഫീസുകൾ</u><br><br>1). കൊല്ലം റൂറൽ<br><br>2). എറണാകുളം റൂറൽ<br><br>3). കോഴിക്കോട് റൂറൽ<br><br>പുതുതായി ആരംഭിക്കുന്ന ശാഖകൾ നെടിയവിള, പുതിയക്കാവ്, രാമവർമ്മ പുരം, ചേളാരി, ചുണ്ടി, വെണ്ണല, കുററൂർ, ഏനാദിമംഗലം, വെട്ടുകാട്, കാക്കനാട് ഈവനിംഗ്, എലപ്പുള്ളി, കോട്ടായി എന്നീ ശാഖകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാട്ടാക്കട ഈവനിംഗ്, തൊളിക്കോട്, കാരാളിമുക്ക്, കുർക്കഞ്ചേരി, കൊളത്തൂർ, കരിങ്കല്ലാ ത്താണി, താനൂർ-II, പയ്യന്നൂർ-II, കണ്ണാടിപ്പറമ്പ്, ചാലോട്, തളിപ്പറമ്പ്-II കേണിച്ചിറ എന്നീ സ്ഥലങ്ങളിലും പുതിയ ശാഖകൾ ആരംഭിക്കുവാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ, പതാരം, തങ്കശ്ശേരി, പാണ്ടനാട്, തകഴി, കുഴൂർ, മാപ്രാണം, പെരിയ, ബന്ദടുക്ക, നന്തി എന്നീ സ്ഥലങ്ങളിൽ മൈക്രൊ ശാഖകൾ ആരംഭിക്കുന്നതിനായി കെ.എസ്.എഫ്.ഇ.യുടെ ഡയറക്ടർ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ശാഖകളുടെ |

| | | | |
|---|---|---|---|
| | | | കൗണ്ടർ/ ക്യാബിൻ വർക്കുകൾ പുരോഗമിച്ച് വരികയാണ്. |
| (സി) | കെ.എസ്.എഫ്.ഇ. സേവനങ്ങൾ നൂതനമാക്കുന്നതിനും പണം അടക്കുന്നതിനായും മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ? | (സി) | മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയായിട്ടുണ്ട്. ആപ്ലിക്കേഷൻ ആധാർ അധിഷ്ഠിതമായതിനാൽ അനുവാദത്തിനായി കേന്ദ്ര ഏജൻസിയായ UIDAIയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ